**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 74** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ഗോത്രഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിന് നടപടി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
| --- | --- |
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീമതി കെ. എ. തുളസി |
| ശ്രീ. വി. ടി. സൂരജ് | (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി) |
| ശ്രീമതി വിദ്യാ ബാലകൃഷ്ണൻ | |

**(എ)** ഗോത്ര സമൂഹങ്ങൾക്ക് ഭൂമിയിന്മേലുള്ള അവകാശം ഉറപ്പാക്കുന്നതിനായി വനാവകാശ നിയമം പൂർണ്ണമായി നടപ്പാക്കാൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ;

**<u>മറുപടി:</u> വനാവകാശ നിയമം, 2006 സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിയമ പ്രകാരം ഇതുവരെ 39043.58 ഏക്കർ ഭൂമിയ്ക്കായി 29523 വ്യക്തിഗത വനാവകാശങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 284 സാമൂഹിക അവകാശങ്ങൾ രേഖാമൂലം 788316.14 ഏക്കർ ഭൂമിയ്ക്കായി നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ 21 സാമൂഹിക വന വിഭവ അവകാശങ്ങളും നൽകിയിട്ടുണ്ട്. വനാവകാശ നിയമ പ്രകാരം വ്യക്തിഗത വനാവകാശരേഖ അനുവദിച്ചിട്ടുള്ള പട്ടികവർഗ്ഗ സങ്കേതങ്ങൾ, ഊരുകൾ (ഫോറസ്റ്റ് വില്ലേജ്) എന്നിവ റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി സ.ഉ.(കൈ)നം. 30/2025/ആർ.ഡി. തീയതി 03.02.2025 പ്രകാരം ഉത്തരവായിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ തെക്കുംകര പഞ്ചായത്തിലെ കാക്കിനിക്കാട് ഉന്നതിയെ റവന്യൂ വില്ലേജായി പരിവർത്തനം ചെയ്തിട്ടുണ്ട്.**

**വനാവകാശ നിയമം, 2006 പൂർണ്ണമായി നടപ്പിലാക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന്റെ "Dharthi Aaba Janjatiya Gram Utkarsh Abhiyan (DA-JGUA)" പദ്ധതി പ്രകാരം ജില്ലാ തലങ്ങളിൽ 9 എഫ്.ആർ.എ. സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.**

**(ബി)** ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന വ്യക്തിഗത വനാവകാശ വാദങ്ങളും സാമൂഹിക വനാവകാശവാദങ്ങളും തീർപ്പാക്കിക്കൊണ്ട് ഗോത്രഭൂമിയുടെ ഉടമസ്ഥാവകാശം അർഹതപ്പെട്ടവർക്ക് നൽകുന്നതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u> വ്യക്തിഗത അവകാശത്തിനുള്ള 2212 അപേക്ഷകളും, സാമൂഹിക അവകാശത്തിനുള്ള 341 അപേക്ഷകളും വിവിധ തലങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് നിലവിൽ ഉണ്ട്. എഫ്.ആർ.എ. സെല്ലുകളുടെ സേവനം ഉപയോഗപ്പെടുത്തി വ്യക്തിഗത വനാവകാശ അപേക്ഷകളും, സാമൂഹിക വനാവകാശത്തിനുള്ള അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കി അർഹതപ്പെട്ട അവകാശങ്ങൾ അംഗീകരിച്ച് നൽകുന്നതിനും അനുവദിച്ചിട്ടുള്ള അവകാശങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.**

**(സി)** ഗോത്രവർഗ ഭൂമിയുടെ തുടർകൈമാറ്റവും ഗോത്രവർഗ്ഗ ഭൂമിയിലെ കയ്യേറ്റങ്ങളും തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി: സംസ്ഥാനത്തെ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിലൂടെ അനുവദിക്കുന്ന ഭൂമിയ്ക്ക് നൽകുന്ന കൈവശാവകാശരേഖ/പട്ടയം എന്നിവയിൽ ഭൂമി മറ്റുള്ളവർക്ക് വിൽക്കുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.**

**1999 ലെ കെ.എസ്.റ്റി ആക്ട് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഭൂമി കൈമാറ്റം നിയന്ത്രിക്കുവാനും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.**

**സെക്ഷൻ ഓഫീസർ**